# STD - VI

## അദ്ധ്യാപക സഹായി

**പാഠം - എട്ട്** **പ്രവാചകന്മാർ** **ഭാഗം - ഒന്ന്**

### ലക്ഷ്യം

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനും, ദൈവഹിതം അറിയുകയും മറ്റുള്ളവരെ അറിയിക്കുകയും ചെയ്യുന്നവരാണ് പ്രവാചകന്മാർ. ദൈവത്തെ കൂടുതലായി അറിയുവാനും, ദൈവത്തിനുവേണ്ടി ജീവിക്കുവാനും ഞാൻ ശ്രമിക്കും.

### പഠനസഹായികൾ

* വചനം - പുറ. 3:7; 1 രാജ. 19:10
* വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ വീഡിയോ - (https://youtube/eRNnA9HP211?si=QcsEvJxXIXwK3FT1)

### പാഠത്തിന്റെ ഉള്ളടക്കം

* പ്രവാചകൻ: ദൈവത്താൽ വിളിക്കപ്പെട്ടവൻ, മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ പ്രതിനിധി, ദൈവഹിതം അറിയുകയും അറിയിക്കുകയും ചെയ്യുന്നവൻ, ദൈവദർശനം ഉള്ളവൻ, കർത്താവിനെപ്രതി തീക്ഷ്ണതയാൽ ജ്വലിക്കുന്നവൻ
* പ്രവാചകൻ എന്ന വാക്കിനർത്ഥം
* തകർന്നുപോയ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കാനും, ദൈവത്തിന്റെ ജനത്തെ ദൈവത്തിലേക്കും മനുഷ്യരിലേക്കും തിരികെ കൊണ്ടുവരാനും ദൈവം തന്റെ പ്രവാചകരെ അയയ്ക്കുന്നു.
* പ്രവാചക കാലഘട്ടം - ഏതാണ്ട് ആയിരം വർഷം
* പ്രവാചക കാലം - ആറ് ഘട്ടങ്ങൾ
* വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ
* കാനോനിക പ്രവാചകന്മാർ, അകാനോനിക പ്രവാചകന്മാർ

### പ്രാർത്ഥന

അങ്ങയെ അറിഞ്ഞ് ജീവിക്കുവാനും മറ്റുള്ളവരെ അങ്ങിലേക്ക് തിരികെ കൊണ്ടുവരാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ

**ചോദ്യങ്ങൾ**

1. ആരാണ് പ്രവാചകന്മാർ?
2. ഹീബ്രു ഭാഷയിലെ ഏത് പദത്തിൽനിന്നാണ് പ്രവാചകൻ എന്ന വാക്കുണ്ടായത്? പ്രവാചകൻ എന്ന വാക്കിന്റെ അർത്ഥമെന്താണ്?
3. ദൈവത്തിന്റെ ജനമെന്ന് ആരെയാണ് വിളിക്കുന്നത്?
4. ദൈവജനത്തിന്റെ അടുക്കലേക്ക് അയക്കപ്പെട്ട പ്രവാചകൻ ചെയ്യേണ്ടത് എന്തെല്ലാം?
5. ദൈവം എല്ലാ കാലത്തും തന്റെ ജനത്തോട് ഇടപെട്ടത് ആരിലൂടെ? പ്രവാചകന്മാരുടെ കാലഘട്ടം എത്ര വർഷമായിരുന്നു?

# STD - VI

## അദ്ധ്യാപക സഹായി

**പാഠം - എട്ട്** **പ്രവാചകന്മാർ** **ഭാഗം - രണ്ട്**

### ലക്ഷ്യം

ദൈവത്തെ ശ്രവിച്ച് അവിടുത്തെ പ്രഘോഷിച്ച് സത്യത്തിന്റെ സാക്ഷികളായവരാണ് പ്രവാചകന്മാർ. ജ്ഞാനസ്നാനം എന്ന കൂദാശവഴി യേശുവിന്റെ പ്രവാചകത്വത്തിൽ നാം പങ്കുചേരുന്നു. പ്രവാചക ധീരതയോടെ നമുക്കും തിന്മയ്ക്കെതിരെ പോരാടാം.

### പഠനസഹായികൾ

* ചാർട്ട്/ഫ്ളാഷ് കാർഡ് - പ്രവാചകൻ - സന്ദേശം'
* വീഡിയോ - പ്രവാചകന്മാരെ കുറിച്ചുള്ള കഥകൾ - ഏശയ്യാ, എസക്കിയേൽ, ദാനിയേൽ, യോനാ

  1. Isaiah Bible Stories (Malayalam) For kids - episode-23, 2. Jonah and the whale bible stories (malayalam), 3. The story of Ezekiel (Malayalam), 4. Daniel and the Lion

### പാഠത്തിന്റെ ഉള്ളടക്കം

* വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിവരെപ്പറ്റി ചോദിച്ചുകൊണ്ട് പ്രാവചകന്മാരും അവരുടെ സന്ദേശങ്ങളും അവതരിപ്പിക്കുന്നു.
* പ്രവാചകനായ സ്നാപക യോഹന്നാൻ. യോഹന്നാന്റെ ദൗത്യം.
* ജ്ഞാനസ്നാനം വഴി നമ്മൾ ദൈവത്തിന്റെ പ്രവാചകന്മാർ
* യേശുവിനെപോലെ പ്രവാചക ധീരതയോടെ തിന്മയ്ക്കെതിരെ നമുക്കും പോരാടാം.

### പ്രാർത്ഥന

ദൈവമേ, ജ്ഞാനസ്നാനത്തിലൂടെ ദൈവത്തിന്റെ പ്രാവചകരായിത്തീർന്ന ഞങ്ങൾ സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളാൻ ഞങ്ങളെ അനുഗ്രഹിക്കണമേ, ആമ്മേൻ

## ചോദ്യങ്ങൾ

1. പഴയനിയമത്തെയും പുതിയനിയമത്തെയും ബന്ധിപ്പിക്കുന്ന പ്രവാചകൻ ആര്?
2. എന്തായിരുന്നു സ്നാപക യോഹന്നാന്റെ ദൗത്യം?
3. ഏതു കൂദാശവഴിയാണ് നാം യേശുവിന്റെ പ്രവാചകത്വത്തിൽ പങ്കുചേരുന്നത്?
4. യുഗാന്ത്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകിയ പ്രവാചകൻ ആര്? ഇതാ എനിക്ക് മുമ്പേ വഴിയൊരുക്കാൻ ഞാൻ എന്റെ ദൂതനെ അയക്കുന്നു. ഏതു പ്രവാചക വചനങ്ങൾ? രക്ഷകനെക്കുറിച്ചും സഹനദാസനെക്കുറിച്ചും പ്രവചനം നടത്തിയതാര്?
5. ദൈവത്തിന്റെ പ്രവാചകരായ നമ്മൾ എന്താണ് ചെയ്യേണ്ടത്?